03
2025
മേയ്
ശനി
മേടം 20

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.129 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-129 പേജ് 4. വില 2.00 രൂപ




02 സ്പായുടെ മറവിൽ അനാശാസ്യം; 11 യുവതികൾ കസ്റ്റഡിയിൽ

03 പുതിയ ഇടയനെ കണ്ടെത്താനുള്ള കോൺക്ലേവ് ഏഴിന്

04 അങ്ങനെ നമ്മൾ ഇതും നേടി : മുഖ്യമന്ത്രി പിണറായി വിജയൻ

# സ്വപ്നസാക്ഷാത്കാരം

## വിഴിഞ്ഞം തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിനു സമർപ്പിച്ചു





വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്രമോദി കമ്മീഷൻ ചെയ്യുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്ര തുറമുഖ വകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ, തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ തുടങ്ങിയവർ സമീപം.

തിരുവനന്തപുരം: കേരളത്തിന്റെ ദീർഘകാല സ്വപ്നം സഫലമായി. രാജ്യത്തെ ആദ്യ ആഴക്കടൽ ട്രാൻഷിപ്മെന്റ് തുറമുഖം പ്രധാനമന്ത്രി നരേന്ദ്രമോദി നാടിന് സമർപ്പിച്ചു. സ്വതന്ത്ര ഇന്ത്യയുടെ വികസന ചരിത്രത്തിലെ മറ്റൊരു അഭിമാന മുഹൂർത്തമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ കമീഷനിങ്ങാണ് പൂർത്തിയായത്. സമർപ്പണത്തിന് ജനസാഗരം സാക്ഷിയായി.മുഖ്യമന്ത്രി പിണറായി വിജയൻ, തുറമുഖമന്ത്രി വി എൻ വാസവൻ, മന്ത്രി ജി ആർ അനിൽ, മന്ത്രി സജി ചെയർമാൻ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ, കേന്ദ്ര സഹമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, എ എ റഹീം എംപി, ജോൺബ്രിട്ടാസ് എംപി, ശശി തരൂർ എംപി, ഗൗതം അദാനി, കരൺ അദാനി, മേയർ ആര്യാ രാജേന്ദ്രൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.വിഴിഞ്ഞം സജ്ജമാകുന്നതോടെ കൊളംബോ തുറമുഖം കൈകാര്യംചെയ്ത നല്ലൊരു ഭാഗം ഇന്ത്യൻ ട്രാൻസ്ഷിപ്മെന്റ് കാർഗോയും വിഴിഞ്ഞത്തെത്തും. ദക്ഷിണേഷ്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് തുറമുഖമായ വിഴിഞ്ഞത്തിന് വർഷം 15 ലക്ഷം ടിഇയു കണ്ടെയ്നർ കൈകാര്യശേഷിയുണ്ട്. 2024 ജൂലൈ 11 മുതൽ ട്രയൽ റണ്ണും ഡിസംബർ മൂന്ന് മുതൽ കൊമേഴ്സ്യൽ ഓപ്പറേഷനും നടക്കുന്നു ഇതിനകം 283 കപ്പലുകളെത്തി. ആറ് ലക്ഷം കണ്ടെയ്നർ കൈകാര്യംചെയ്തു.

പദ്ധതി നടപ്പാക്കുന്നതിനിടെ പ്രകൃതിക്ഷോഭങ്ങളുണ്ടായി. നിർമാണ വസ്തുക്കളുടെ കുറവുമൂലം 3000 മീറ്റർ പുലിമുട്ടിന്റെ പുരോഗതി മന്ദഗതിയിലായിരുന്നു. 2017 ഡിസംബറിൽ ഓഖി ചുഴലിക്കാറ്റിൽ വലിയ നാശനഷ്ടം നേരിട്ടു. 2018ലെ പ്രളയം, അസാധാരണമായ ഉയർന്ന തിരമാല, 2019ലെ വെള്ളപ്പൊക്കം, മഹാ, ടൗട്ടെ ചുഴലിക്കാറ്റുകൾ, പ്രാദേശിക പ്രക്ഷോഭം, കോവിഡ് പ്രതിസന്ധി എന്നിവ മറികടന്നാണ് മറ്റിടങ്ങളിൽ നിന്നടക്കം പാറക്കല്ലുകൾ എത്തിച്ച് പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കിയത്.



### 2000 മീറ്റർ ബർത്ത്, ഒരേ സമയം 5 മദർഷിപ്പ്

2000 മീറ്റർ ബർത്തിൽ അഞ്ച് മദർഷിപ് ഒരേസമയം അടുപ്പിക്കാൻ കഴിയുന്ന സംവിധാനം. വിഴിഞ്ഞത്തിന്റെ രണ്ടുമുതൽ നാലുഘട്ടംവരെ പൂർത്തിയാകുമ്പോഴാണ് ഇത് സാധ്യമാകുക. ഒറ്റഘട്ടമായുള്ള നിർമാണത്തിന്റെ ഉദ്ഘാടനമാണ് ഇന്ന് നടക്കുന്നത്. 2028ൽ പൂർത്തിയാകും. നേരത്തെ നിശ്ചയിച്ചതിനും 17 വർഷം മുമ്പാണ് ഈ നേട്ടം. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡാണ് ഇതിന് ആവശ്യമായ 9560 കോടി രൂപമുടക്കുക.

രണ്ടാംഘട്ടത്തിൽ 1200 മീറ്റർ ബർത്ത്, 920 മീറ്റർ പുലിമുട്ട് എന്നിവയാണ് നിർമിക്കുന്നത്. കൂടാതെ കണ്ടെയ്നർ സൂക്ഷിക്കുന്നതിനുള്ള യാർഡുകളും നിർമിക്കും. പുതുതായി നിർമിക്കുന്ന ബർത്തിന്റെ ഓരോ 100 മീറ്ററും ഒരു ഷിപ്പ് ടു ഷോർ ക്രെയിൻ സ്ഥാപിക്കും. അങ്ങനെ 1200 മീറ്ററിൽ 12 ഷിപ്പ് ടു ഷോർ ക്രെയിൻ ആവശ്യമായി വരും. കണ്ടെയ്നർ നീക്കത്തിന് 36 യാർഡ് ക്രെയിനും സ്ഥാപിക്കും. ഒന്നാംഘട്ടത്തിൽ 24 യാർഡ് ക്രെയിനുകളും എട്ട് ഷിപ്പ് ടു ഷോർ ക്രെയിനുമാണ് സ്ഥാപിച്ചിട്ടുണ്ട്. രണ്ടാംഘട്ടം പൂർത്തിയാകുമ്പോൾ പുലിമുട്ടിന്റെ നീളം 3880 മീറ്ററാകും. കണ്ടെയ്നർ കൈകാര്യശേഷി പ്രതിവർഷം 45 ലക്ഷം ടിഇയു ആകും.

1220 മീറ്റർ നീളമുള്ള മൾട്ടിപർപ്പസ് ബർത്ത്, 250 മീറ്റർ നീളമുള്ള ലിക്വിഡ് ബർത്ത് (പുലിമുട്ടിനോടനുബന്ധിച്ച്), ലിക്വിഡ് കാർഗോ സംഭരണ സൗകര്യങ്ങളുടെ വികസനം എന്നിവയുംഈ ഘട്ടത്തിൽ നടക്കും. യാർഡ് നിർമാണത്തിനും മറ്റ് സൗകര്യം ഒരുക്കുന്നതിനുമായി കടൽ നികത്തിയുണ്ടാക്കുന്നത് 77.17 ഹെക്ടർ ഭൂമിയാണ്. സ്വകാര്യഭൂമി ഏറ്റെടുക്കില്ല. 2035 മുതൽ വരുമാനത്തിൽനിന്നുള്ള വിഹിതം സംസ്ഥാനസർക്കാരിന് ലഭിച്ചുതുടങ്ങും. ഇതിൽനിന്ന് 20 ശതമാനം വിജിഎഫ് നൽകിയ വകയിൽ കേന്ദ്രസർക്കാരിന് നൽകണം.

## അൻവറിനെ സഹകരിപ്പിക്കാൻ യുഡിഎഫ്; എങ്ങനെ വേണമെന്ന് തീരുമാനിക്കാൻ സതീശന് ചുമതല

കോഴിക്കോട്: നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് അടുക്കവേ മുൻ എംഎൽഎ പി.വി. അൻവറിനെ സഹകരിപ്പിക്കാൻ യുഡിഎഫ് തീരുമാനം. ഇന്ന് കോഴിക്കോട് ചേർന്ന യുഡിഎഫ് നേതൃയോഗത്തിലാണ് ഇത് സംബന്ധിച്ച് തീരുമാനമെടുത്തത്.

എന്നാൽ, അൻവറിന്റെ പാർട്ടിയായ തൃണമൂൽ കോൺഗ്രസിനെ യുഡിഎഫിൽ ഘടകകക്ഷി ആക്കില്ല. അൻവറിനെ എങ്ങനെ സഹകരിപ്പിക്കണമെന്ന് തീരുമാനിക്കാൻ പ്രതിപക്ഷ നേതാവ് വി.ഡി. സതീശനെ യോഗം ചുമതലപ്പെടുത്തി.

ഉപതെരഞ്ഞെടുപ്പിനു മുൻപ് മുന്നണി പ്രവേശനം വേണമെന്ന് അൻവർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, മുന്നണിയിൽ ഘടകകക്ഷിയാകാതെ അൻവറിനെ പുറത്തുനിർത്തി സഹകരിപ്പിക്കുന്ന കാര്യവും യുഡിഎഫിൻറെ ആലോചനയിലുണ്ട്. അതേസമയം, ഇതുമായി ബന്ധപ്പെട്ട് ശനിയാഴ്ച അൻവർ തൃണമൂൽ കോൺഗ്രസിൻറെ യോഗം വിളിച്ചിട്ടുണ്ട്. നിലമ്പുർ ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫുമായി സഹകരിക്കണോ ഒറ്റയ്ക്ക് മത്സരിക്കണോ എന്നകാര്യത്തിൽ തീരുമാനമെടുക്കാനാണ് യോഗം.

## എച്ച്. വെങ്കിടേഷ് ക്രമസമാധാന ചുമതലയുള്ള എഡിജിപി

തിരുവനന്തപുരം: സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള എഡിജിപിയായി എച്ച്. വെങ്കിടേഷിനെ നിയമിച്ചു. ക്രമസമാധാന ചുമതലയുള്ള എഡിജിപിയായിരുന്ന മനോജ് ഏബ്രഹാമിന് ഡിജിപി പദവിയിലേക്കു സ്ഥാനക്കയറ്റം നൽകി ഫയർ ഫോഴ്സ് മേധാവിയാക്കിയതിനെ തുടർന്നാണ് നിയമനം. സംസ്ഥാന പോലീസ് മേധാവിക്കു താഴെ സംസ്ഥാനം മുഴുവൻ ക്രമസമാധാന ചുമതലയുള്ള എഡിജിപി തസ്തികയാണിത്. വെങ്കിടേഷ് ഇന്നു ചുമതലയേൽക്കും. നിലവിൽ ക്രൈംബ്രാഞ്ച് മേധാവിയായിരുന്നു എച്ച്. വെങ്കിടേഷ്.

## ഒരു തീവ്രവാദിയേയും വെറുതെ വിടില്ല; സൈന്യം പദ്ധതി തയാറാക്കുന്നു: അമിത് ഷാ

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിനു പിന്നാലെ തീവ്രവാദികൾക്ക് മുന്നറിയിപ്പുമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഒരു തീവ്രവാദിയേയും വെറുതെ വിടില്ല. സൈന്യം തിരിച്ചടിക്കുള്ള പദ്ധതികൾ തയാറാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഡൽഹിയിലെ ഒരു പൊതുപരിപാടിയിലാണ് അമിത് ഷാ നിലപാട് വ്യക്തമാക്കിയത്. തിരിച്ചടിക്കാൻ സൈന്യം തയാറാക്കിയ പദ്ധതിയുടെ പുരോഗതി കരസേന മേധാവി പ്രധാനമന്ത്രിയോട് വിശദീകരിച്ചിരുന്നു. കഴിഞ്ഞ ദിവസം പുനസംഘടിപ്പിച്ച ദേശീയ സുരക്ഷാ സമിതിയുടെ ആദ്യ യോഗവും സൈനിക നീക്കം വിലയിരുത്തി. അതിർത്തിയിലും നിയന്ത്രണ രേഖയിലുമുള്ള പാക്കിസ്ഥാൻറെ പ്രകോപനവും അലോക് ജോഷിയുടെ നേതൃത്വത്തിലുള്ള ആറംഗ സമിതി വിലയിരുത്തി. കൃത്യ സമയത്ത് തിരിച്ചടി നൽകുമെന്നും അതിനുള്ള സ്വാതന്ത്ര്യം പ്രധാനമന്ത്രി സൈന്യത്തിന് നൽകിയിട്ടുണ്ടെന്നും അമിത് ഷാ കൂട്ടിച്ചേർത്തു.

## തിരുവനന്തപുരം മെഡിക്കൽ കോളജിൽ ഒപി ടിക്കറ്റിന് ഇനി പത്തു രൂപ

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലെ ഒപി ടിക്കറ്റിൻറെ നിരക്ക് ഇന്നു മുതൽ വർധിപ്പിക്കും. ഇനി മുതൽ പത്ത് രൂപയാണ് നിരക്ക് ഈടാക്കുക. മെഡിക്കൽ കോളജ് ഹോസ്പിറ്റൽ ഡെവലപ്മെൻറ് സൊസൈറ്റിയുടേതാണ് തീരുമാനം.

## നാഷണൽ ഹെറാൾഡ്: രാഹുൽ ഗാന്ധിക്കും സോണിയയ്ക്കും നോട്ടീസ്

ന്യൂഡൽഹി: നാഷണൽ ഹെറാൾഡ് കേസിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കും സോണിയാ ഗാന്ധിക്കും നോട്ടീസ് അയച്ച് കോടതി. ഡൽഹി റോസ് അവന്യൂ കോടതിയുടേതാണ് നടപടി. ഇഡി നൽകിയ കുറ്റപത്രത്തിൽ മറുപടി അറിയിക്കാനാണ് നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്നത്. കൂടുതൽ തെളിവുകൾ ഇഡി ഇന്ന് കോടതിയിൽ നൽകി. സ്പെഷ്യൽ ജഡ്ജി വിശാൽ ഗോഗ്നെയാണ് കേസ് പരിഗണിച്ചത്. കഴിഞ്ഞ തവണ കേസ് പരിഗണിച്ചപ്പോൾ ഇരുവർക്കും നോട്ടീസ് അയയ്ക്കാൻ കോടതി വിസമ്മതിച്ചിരുന്നു. കുറ്റപത്രം ഭാഗികമാണെന്നായിരുന്നു കോടതിയുടെ വിലയിരുത്തൽ. ആ കുറ്റപത്രത്തിൻറെ അടിസ്ഥാനത്തിൽ ഇവർക്ക് നോട്ടീസ് അയയ്ക്കാൻ കഴിയില്ലെന്നും കോടതി വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് കോടതി ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് ഇന്ന് ഇഡി കുറ്റപത്രം സമർപ്പിക്കുകയായിരുന്നു. മേയ് ഏഴിന് കേസ് വീണ്ടും പരിഗണിക്കും. നാഷണൽ ഹെറാൾഡ് പത്രത്തിൻറെ നടത്തിപ്പുകാരായ എജെഎല്ലിൻറെ രണ്ടായിരം കോടിയോളം രൂപ വരുന്ന ആസ്തി 50 ലക്ഷം രൂപയ്ക്ക് സോണിയ ഗാന്ധിയും രാഹുൽ ഗാന്ധിയും ഡയറക്ടർമാരായ യംഗ് ഇന്ത്യൻ കമ്പനി തട്ടിയെടുത്തുവെന്നാണ് ഇഡി കുറ്റപത്രത്തിൽ ആരോപിക്കുന്നത്.



# കുടുംബശ്രീ പന്ത്രണ്ടാമത് ദേശീയ സരസ് മേളയ്ക്ക് കോഴിക്കോട്ട് തുടക്കം

തിരുവനന്തപുരം: കലയും സാഹിത്യവും സമ്മേളിക്കുന്ന കോഴിക്കോടിൻറെ മണ്ണിൽ കുടുംബശ്രീ പന്ത്രണ്ടാമത് ദേശീയ സരസ് മേളയ്ക്ക് ഇന്നലെ(252025) തുടക്കമായി. ദേശീയ സരസ് മേളയുടെയും സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികത്തോടനുബന്ധിച്ച് ഇന്നു(352025) മുതൽ 12 വരെ കോഴിക്കോട് കടപ്പുറത്തു സംഘടിപ്പിക്കുന്ന 'എൻറെ കേരളം' പ്രദർശന വിപണന മേളയുടെയും ഔദ്യോഗിക ഉദ്ഘാടനം ഇന്ന്(322025) കോഴിക്കോട് കടപ്പുറത്ത് വൈകിട്ട് ആറിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പൊതുമരാമത്ത്, വിനോദ സഞ്ചാര വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് അധ്യക്ഷത വഹിക്കും.

ഉദ്ഘാടനത്തിനു മുന്നോടിയായി വൈകിട്ട് നാല് മണിക്ക് സ്റ്റേഡിയം പരിസരത്തു നിന്നും ആരംഭിക്കുന്ന ഘോഷയാത്രയിൽ നൂറു കണക്കിന് കുടുംബശ്രീഅംഗങ്ങൾ പങ്കെടുക്കും. ഘോഷയാത്രക്ക് മാറ്റുകൂട്ടാൻ വിവിധ നാടൻ കലാരൂപങ്ങളും നിശ്ചലദൃശ്യങ്ങളും ഉണ്ടാകും. സരസ്മേളയിലേക്കുള്ള സന്ദർശനം സൗജന്യമാണ്. ഈവർഷത്തെ രണ്ടാമത്തെ ദേശീയ സരസ് മേളയാണ് കോഴിക്കോട്ട് സംഘടിപ്പിക്കുന്നത്. ജനുവരിയിൽ ചെങ്ങന്നൂരിലായിരുന്നു ആദ്യത്തേത്.

ഇന്ത്യൻ ഗ്രാമീണ സംരംഭകരെ ഒരു കുടക്കീഴിൽ അണിനിരത്തുന്ന അപൂർവതയാണ് കുടുംബശ്രീ ദേശീയ സരസ് മേളയ്ക്കുള്ളത്. ആയിരത്തോളം സംരംഭകർ ഇത്തവണ സരസ് മേളയിൽ പങ്കെടുക്കും. സരസ് മേളയോടനുബന്ധിച്ച് 64,000 ചതുരശ്ര അടിയിൽ പൂർണമായി ശീതീകരിച്ച പവിലിയനും അതിൽ ആകെ 250 ഉൽപന്ന പ്രദർശന വിപണന സ്റ്റാളുകളുമാണുള്ളത്. 190 എണ്ണം കുടുംബശ്രീ സംരംഭകരുടേതും ബാക്കി 60 എണ്ണം ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന സംരംഭകരുടേതാണ്. തുണിത്തരങ്ങൾ, ഭക്ഷ്യോൽപന്നങ്ങൾ, കരകൗശല വസ്തുക്കൾ, തുകൽ ഉൽപന്നങ്ങൾ എന്നിവ ഉൾപ്പെടെ ഇവിടെ നിന്നും വാങ്ങാനാകും. മേള സന്ദർശിക്കുന്നവർക്ക് ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള സംരംഭകർ തയ്യാറാക്കുന്ന ഉൽപന്നങ്ങൾ കാണാനും പരിചയപ്പെടാനും സംരംഭകരിൽ നിന്നു തന്നെ നേരിട്ടു വാങ്ങാനുള്ള അവസരവും സരസ് മേളയിൽ ലഭിക്കും.

രുചിവൈവിധ്യങ്ങൾ സമ്മേളിക്കുന്ന ഫുഡ്കോർട്ടും ദേശീയ സരസ് മേളയുടെ പ്രധാന ആകർഷണമാണ്. ഇതിൽ കേരളം ഉൾപ്പെടെ 17 സംസ്ഥാനങ്ങളിൽ നിന്നുള്ള സംരംഭകർ തങ്ങളുടെ ഭക്ഷ്യവിഭവങ്ങളുമായെത്തും.

സരസ്മേളയുടെ സായാഹ്നങ്ങളെ കലാസാന്ദ്രമാക്കുന്നതിൻറെ ഭാഗമായി പ്രധാന വേദിയിൽ എല്ലാദിവസവും വൈവിധ്യമാർന്ന കലാ സാംസ്കാരിക പരിപാടികളും അരങ്ങേറും. ഷഹബാസ് അമൻ, സിതാര കൃഷ്ണകുമാർ, മൃദുല വാര്യർ, അതുൽ നറുകര തുടങ്ങിയ പ്രതിഭകൾ സംഗീത വിരുന്നൊരുക്കും. ഇതുകൂടാതെ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സെമിനാറുകൾ, തൈക്വാണ്ടോ, ജിംനാസ്റ്റിക്, യോഗ, കളരിപ്പയറ്റ്, വുഷു എന്നിവയുടെ പ്രദർശനവും വിവിധ ദിനങ്ങളിലായി പ്രധാനവേദിയിൽ അരങ്ങേറും

# എൽ.എൽ.ബി പ്രവേശനം : വിവിധ സംവരണ ആനുകൂല്യ സർട്ടിഫിക്കറ്റുകൾ മുൻകൂർ വാങ്ങി വയ്ക്കണം

2025- 26 വർഷത്തെ സംയോജിത പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലേയ്ക്കുള്ള പരീക്ഷാ/ പ്രവേശന നടപടികൾ 2025 മെയ് മാസത്തിൽ ആരംഭിക്കും. പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർഥികളും സംവരണ/ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം കാറ്റഗറി/ സംവരണം/ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ നിശ്ചിത തീയതിക്കകം ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതിനാൽ അത്തരം സർട്ടിഫിക്കറ്റുകൾ മുൻകൂറായി വാങ്ങി വയ്ക്കണമെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിച്ചു.

സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന (SEBC) വിഭാഗക്കാരും മറ്റർഹ സമുദായത്തിൽപ്പെട്ട (OEC) വിദ്യാർഥികളും വില്ലേജ് ഓഫീസറിൽ നിന്നുള്ള കേരള സർക്കാർ പഠനാവശ്യങ്ങൾക്കായി നൽകുന്ന നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റും, SC/ST വിഭാഗക്കാർ തഹസിൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റും, നോൺ ക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടാത്ത ഛ്ളള്ള വിഭാഗക്കാർ വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റും മുൻകൂറായി വാങ്ങിയ്ക്കണം. SC/ ST/ OEC വിഭാഗക്കാർ ഒഴികെയുള്ള ജനറൽ കാറ്റഗറി ഉൾപ്പെടെയുള്ള മറ്റ് വിഭാഗക്കാർ കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് ആനുകൂല്യങ്ങൾ/ സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും, മറ്റർഹ സമുദായത്തിൽപ്പെട്ട വിദ്യാർഥികൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജാതി/ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും, വരുമാന സർട്ടിഫിക്കറ്റും ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങേണ്ടതാണ്. മിശ്ര വിവാഹിതരുടെ മക്കൾക്ക് (SEBC/ OEC) ഫീസാനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങണം. എന്നാൽ മിശ്ര വിവാഹിതരിൽ ഒരാൾ SC/ ST വിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് SC/ST വിഭാഗങ്ങൾക്കു ലഭ്യമാകുന്ന ഫീസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് തഹസിൽദാർ നൽകുന്ന മിശ്രവിവാഹ സർട്ടിഫിക്കറ്റ് വാങ്ങണം. സ്കൂൾ സർട്ടിഫിക്കറ്റ്/ ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലം രേഖപ്പെടുത്താത്തവർക്ക് വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാരായ വിദ്യാർത്ഥകൾ പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന EWS സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതായിട്ടുണ്ട്.

ഓൺലൈൻ അപേക്ഷയോടൊപ്പം നിശ്ചിത തീയതിയ്ക്കകം ഓൺലൈനായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് മാത്രമേ സംവരണാനുകൂല്യം അനുവദിക്കുന്നതിന് പരിഗണിക്കുകയുള്ളൂ.

അതിനാൽ ഓരോ കാറ്റഗറിയ്ക്കും ബന്ധപ്പെട്ട അധികാരികൾ നിശ്ചയിച്ചിട്ടുള്ള കാലാവധിയ്ക്കുള്ളിലുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങി സൂക്ഷിക്കേണ്ടതും ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്ന സമയം അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതുമാണ്. ഹെൽപ് ലൈൻ നമ്പർ: 0471 2525300, 2332120, 2338487.

# ഡെങ്കിപ്പനിയ്ക്കും എലിപ്പനിയ്ക്കുമെതിരെ ജാഗ്രത പുലർത്തണം, കേസ് വർധിക്കാൻ സാധ്യത: മന്ത്രി വീണാ ജോർജ്

## മൈക്രോ പ്ലാൻ മേയ് 15നകം നടപ്പിലാക്കണം

## പേവിഷബാധ പ്രതിരോധ വാക്സിനെതിരെയുള്ള പ്രചരണം അപകടകരം

## മന്ത്രിയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ആർആർടി യോഗം ചേർന്നു

കാലാവസ്ഥാ വ്യതിയാനം കാരണം സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി, ജലജന്യ രോഗങ്ങൾ എന്നിവ വർധിക്കാൻ സാധ്യതയുള്ളതിനാൽ വളരെ ശ്രദ്ധിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും മേയ് 15നകം മൈക്രോ പ്ലാൻ തയ്യാറാക്കണം. കൊതുകുജന്യ രോഗങ്ങൾ വർധിക്കാൻ സാധ്യതയുള്ളതിനാൽ ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം ഫീൽഡ്തല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. തദ്ദേശ സ്ഥാപനങ്ങൾ കൃത്യമായ കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടത്തണം. ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി പ്രവർത്തനങ്ങൾ ശക്തമാക്കണം. പൊതുജനാരോഗ്യ നിയമ പ്രകാരം സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ രോഗങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്നും മന്ത്രി നിർദേശം നൽകി.സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. പേവിഷബാധ പ്രതിരോധ വാക്സിനെതിരായ പ്രചരണം അപകടകരമാണ്. ശാസ്ത്രീയമായ അറിവുകൾ കൊണ്ട് ഇത്തരം പ്രചരണങ്ങൾ തടയണം. ഓരോ ബാച്ച് വാക്സിന്റേയും ഗുണഫലം സെൻട്രൽ ലാബിൽ ഉറപ്പ് വരുത്തിയതിന് ശേഷമാണ് വിതരണം നടത്തുന്നത്. പേവിഷബാധയ്ക്കുള്ള പ്രതിരോധ വാക്സിനുകൾ കുറവ് വരാതെ എല്ലായിടത്തും ഉറപ്പാക്കണം.

തിരുവനന്തപുരത്തെ കോളറ മരണത്തെപ്പറ്റി യോഗം വിശകലനം ചെയ്തു. ഫീൽഡ്തല പ്രവർത്തനങ്ങൾ ശക്തമാക്കി. സമ്പർക്കത്തിലുള്ളവരെ കണ്ടെത്തി പ്രതിരോധ മരുന്നുകൾ നൽകി. ആർക്കും തന്നെ രോഗ ലക്ഷണങ്ങൾ കണ്ടെത്തിയിട്ടില്ല. മരണമടഞ്ഞയാളുടെ ഏപ്രിൽ 10 മുതലുള്ള സഞ്ചാരപഥം മനസിലാക്കി രോഗ ഉറവിടം കണ്ടെത്തി അവിടെ പ്രതിരോധം ശക്തമാക്കാൻ നിർദേശം നൽകി.

ഒരുമാസം നീളുന്ന ശക്തമായ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ മേളകളിലും ഭക്ഷ്യ സുരക്ഷാ പരിശോധന നടത്തണം. ഉപയോഗിക്കുന്ന വെള്ളം ഉൾപ്പെടെ പരിശോധിക്കും. രാവിലേയും രാത്രിയും പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തും. ആരോഗ്യ വകുപ്പ് ടീമിന്റെ പ്രത്യേക പരിശോധനയും നടത്താൻ മന്ത്രി നിർദേശം നൽകി.

നാമമാത്രമായാണെങ്കിലും കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിനാൽ നിരീക്ഷണം നടത്തണം. ആർടിപിസിആർ കിറ്റുകൾ ഉറപ്പാക്കാനും നിർദേശം നൽകി. നിപ, പക്ഷിപ്പനി എന്നിവ നിരീക്ഷിക്കണം.

ഡെങ്കിപ്പനി, എലിപ്പനി എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കണം. പ്രാരംഭഘട്ടത്തിൽ ചികിത്സിക്കാത്തത് കൊണ്ടാണ് എലിപ്പനി മരണങ്ങൾ പലപ്പോഴും ഉണ്ടാകുന്നത്. അതിനാൽ മലിന ജലത്തിലിറങ്ങിയവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളിക കഴിക്കണം. കൈകാലുകളിൽ മുറിവുകളുള്ളവർ വെള്ളം സമ്പർക്കത്തിൽ വരാതെ ഇരിക്കുന്നതിനാവശ്യമായ വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കണം. ജലജന്യ രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ശുദ്ധമായ വെള്ളം കുടിക്കാൻ ശ്രദ്ധിക്കണം. തിളപ്പിച്ചാറ്റിയ വെള്ളമാണ് അഭികാമ്യം. എന്തെങ്കിലും രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ചികിത്സ തേടേണ്ടതാണ്.യോഗത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# കൈറ്റിന്റെ കീ ടു എൻട്രൻസ് : നീറ്റ് എൻട്രൻസ് മാതൃകാ പരീക്ഷ എഴുതാം

പൊതുവിദ്യാഭ്യാസവകുപ്പിലെ കൈറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന കീ ടു എൻട്രൻസ് പരിശീലന പരിപാടിയിൽ നീറ്റ് (NEET) വിഭാഗത്തിൽ രജിസ്റ്റർ ചെയ്തവർക്ക് മെയ് 3 മുതൽ പരീക്ഷ എഴുതാം. കുട്ടികൾക്ക് ഈ ദിവസങ്ങളിൽ സൗകര്യപ്രദമായ സമയത്ത് 3 മണിക്കൂറാണ് ടെസ്റ്റ്.

entrance.kite.kerala.gov.in സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് മോക് ടെസ്റ്റിൽ പങ്കാളികളാവാം. നീറ്റ് (ചഋഋഠ) പരീക്ഷയുടെ അതേ തരത്തിലാണ് ചോദ്യഘടന. കുട്ടികൾക്ക് പരീക്ഷ എഴുത്ത് ആസൂത്രണം ചെയ്യുന്നതിനും സ്വയം വിലയിരുത്തുന്നതിനുമാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. യൂസർ നെയിമും പാസ്‌വേഡും നല്കി ലോഗിൻ ചെയ്താൽ 'എക്സാം' എന്ന വിഭാഗത്തിൽ 'മോക് / മോഡൽ പരീക്ഷ' ക്ലിക്ക് ചെയ്ത് പരീക്ഷയിൽ പങ്കുചേരാവുന്നതാണ്. നിലവിൽ 52020 കുട്ടികൾ കീ ടു എൻട്രൻസ് പരിശീലനത്തിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുതുതായി രജിസ്റ്റർ ചെയ്യുന്ന സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും മോക് ടെസ്റ്റിനായി അവസരം നല്കുമെന്ന് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് അറിയിച്ചു. സി.ഇ.യു.റ്റി മോഡൽ പരീക്ഷ പിന്നീട് നടത്തും.

കൈറ്റ് വിക്ടേഴ്സ് ചാനലിലും യൂട്യൂബിലുമായി കഴിഞ്ഞ 5 മാസമായി നല്കി വരുന്ന ക്ലാസുകളുടെ തുടർച്ചയായാണ് മോക് ടെസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. 350 ഓളം വീഡിയോ ക്ലാസുകൾ ടെലികാസ്റ്റ് ചെയ്തിട്ടുണ്ട്. ഇവ entrance.kite.kerala.gov.in പോർട്ടലിൽ കാണുന്നതിനും അവസരമുണ്ട്. ഓരോ യൂണിറ്റിനും ശേഷം ആവശ്യാനുസരണം ടെസ്റ്റുകൾ എടുക്കാനുള്ള അവസരം നേരത്തേ നല്കിയിരുന്നു. എല്ലാ യൂണിറ്റുകളെയും ഉൾപ്പെടുത്തിയാണ് ഇപ്പോൾ എൻജിനിയറിങ് മോഡൽ പരീക്ഷ നടത്തുന്നത്. മോക് ടെസ്റ്റിന്റെ സർക്കുലർ പോർട്ടലിൽ ലഭ്യമാണ്.

# ഒഴിവ്

തൃശൂർ ജില്ലയിലെ അർദ്ധസർക്കാർ സ്ഥാപനത്തിൽ ഹോസ്റ്റൽ മാനേജർ തസ്തികയിൽ (പുരുഷൻമാർ മാത്രം) പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള ഒരു താത്കാലിക ഒഴിവുണ്ട്. അംഗീകൃത സർവകലാശാല ബിരുദമാണ് യോഗ്യത. ഏതെങ്കിലും സർക്കാർ, പൊതുമേഖല സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ സ്റ്റോർ അല്ലെങ്കിൽ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിലുള്ള രണ്ട് വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. പ്രായപരിധി 36 വയസ്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ മെയ് 15നകം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം.

# റിസർച്ച് അവാർഡിന് അപേക്ഷിക്കാം

തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിൽ പ്രൊഫ. ഡോ. എൻ. ആർ. മാധവ മേനോന്റെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള റിസർച്ച് അവാർഡിന് എൻട്രികൾ ക്ഷണിച്ചു. തിരുവനന്തപുരം ഗവ. ലോ കോളേജിൽ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടുള്ള താല്പര്യമുള്ള അധ്യാപകർക്കും വിദ്യാർഥികൾക്കും എൻട്രികൾ അയക്കാം. 2024-25 അധ്യയന വർഷം മെയ് 30 നു മുൻപ് പ്രസിദ്ധീകരിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടുള്ള ഡിസ്സെർറ്റേഷനും റിസർച്ച് ആർട്ടിക്കിളും മൂന്ന് ഹാർഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും സഹിതം ജൂൺ 30 നു മുൻപായി പ്രിൻസിപ്പൽ മുൻപാകെ ഹാജരാക്കണം.

# ഓവർസിയർ നിയമനം

നാഷണൽ ആയുഷ് മിഷൻ കേരളയിൽ ഓവർസിയർ തസ്തികയിലെ വിവിധ ജില്ലകളിലെ ഒഴിവുകളിലേക്ക് (കോട്ടയം, തൃശ്ശൂർ, കണ്ണൂർ) കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. മെയ് 5നകം അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: www.nam.kerala.gov.in ഫോൺ: 0471 2474550.

# സിറ്റിംഗ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ മെയ് 7 ന് രാവിലെ 11 മണിക്ക് എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സിറ്റിംഗ് നടത്തും. ചവളക്കാരൻ സമുദായത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് സമർപ്പിച്ച നിവേദനം, വക്കലിഗ വിഭാഗത്തെ ഒ.ഇ.സി യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, പാർക്കവകുലം സമുദായത്തിന്റെ സ്ഥാനപേരായ ഉടയാർ എന്ന പേര് തിരുത്തിനൽകണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട നിവേദനം എന്നിവ പരിഗണിക്കും. സിറ്റിംഗിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ്. ജി. ശശിധരൻ, മെമ്പർമാരായ സുബൈദാ ഇസ്ഹാക്ക്, ഡോ. എ. വി. ജോർജ്ജ്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

# റീ- ടെൻഡർ

ഗവ. വി&എച്ച്.എസ്.എസ് വിതുര സ്കൂളിലെ സ്കിൽ ഡെവലപ്മെന്റ് സെന്ററിലേക്ക് ലാപ്ടോപ്പുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് റീ-ടെൻഡർ ക്ഷണിച്ചു. റീടെൻഡർ ഫോമുകൾ സ്കൂൾ ഓഫീസിൽ നിന്നും ലഭിക്കും. റീടെൻഡറുകൾ മേയ് 16 ഉച്ചയ്ക്കു ശേഷം രണ്ടു മണിവരെ സ്വീകരിക്കും. അന്നേ ദിവസം വൈകിട്ട് മൂന്നിന് റീടെൻഡറുകൾ തുറക്കും. വിശദവിവരങ്ങൾക്ക്: 9400879211.

# അപേക്ഷ ക്ഷണിച്ചു

വിഴിഞ്ഞത്തെ കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിൽ യങ് പ്രൊഫഷണലിന്റെ ഒഴിവിൽ അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് : www.cmfri.org.in. ഫോൺ : 0471 2480224.

# ക്യാമ്പ് സിറ്റിങ്

കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ മേയ് 5, 12, 19, 26 തീയതികളിൽ കോട്ടയത്തും 7, 14, 21, 28 തീയതികളിൽ പുനലൂരിലും 3, 17, 24, 31 തീയതികളിൽ പീരുമേട്ടിലും 27ന് തൊടുപുഴയിലും മറ്റു പ്രവൃത്തി ദിവസങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക - എംപ്ലോയീസ് ഇൻഷുറൻസ് - എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളിൽ വിചാരണ നടത്തും.

# സാങ്കേതിക വിദ്യാഭ്യാസ മികവ് : ഐഎച്ച്ആർഡിയും ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയും ധാരണയായി

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും വലിയ സ്ഥാപനമായ ഐഎച്ച്ആർഡിയുടെ സാങ്കേതിക പരിജ്ഞാനവും വിദ്യാഭ്യാസ സൗകര്യവും മറ്റ് സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഐഎച്ച്ആർഡി, ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാലയുമായി ധാരണാ പത്രം ഒപ്പുവച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവിന്റെ സാന്നിധ്യത്തിലാണ് ഐഎച്ച്ആർഡി ഡയറക്ടർ ഡോ. വി. എ. അരുൺ കുമാറും ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ ഡോ. ജഗതി രാജ് വി. പിയും ധാരണാ പത്രത്തിൽ ഒപ്പുവച്ചത്.സഹകരണത്തിന്റെ ഭാഗമായി ഐഎച്ച്ആർഡിയുടെ വിവിധ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാലയ്ക്ക് ഹ്രസ്വ-ദീർഘകാല കോഴ്സുകൾ നടത്താനാകും.

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട സർക്കാർ സ്ഥാപനമാണ് ഐഎച്ച്ആർഡി. 9 എഞ്ചിനീയറിംഗ് കോളേജുകൾ, 7 പോളി ടെക്നിക് കോളേജുകൾ, 45 അപ്ലൈഡ് സയൻസ് കോളേജുകൾ അടക്കം 88 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഐഎച്ച്ആർഡിക്കുള്ളത്. സാങ്കേതിക അറിവാർജ്ജിച്ച, തൊഴിൽ നൈപുണ്യം നേടിയ യുവ തലമുറയെ വളർത്തി, രാജ്യത്തിന്റെ വികസനത്തിൽ പങ്കാളിയാക്കുന്നതിൽ സ്ഥാപനം വലിയ പങ്കാണ് വഹിക്കുന്നത്.

# പ്ലാനിംഗ് അസിസ്റ്റന്റ്

സംസ്ഥാന ആസൂത്രണ ബോർഡ് ആസ്ഥാന കാര്യാലയത്തിലേക്ക് ജിഐഎസ് പ്ലാനിംഗ് അസിസ്റ്റന്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. ജോഗ്രഫിയിലെ ബിരുദാനന്തര ബിരുദം / ജിഐഎസ് / റിമോട്ട് സെൻസിംഗ് ബിരുദവും ജിഐഎസ് ആപ്ലിക്കേഷനുകളിലുള്ള അറിവുമാണ് യോഗ്യത. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. പ്രതിമാസം 30,000 രൂപ നിരക്കിൽ 4 മാസത്തേക്കാണ് നിയമനം. താൽപര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ പട്ടം ആസ്ഥാന കാര്യാലയത്തിൽ മെയ് 6 ന് രാവിലെ 10 മണിക്ക് മുൻപായി ഹാജരാകണം.

# അഭിമുഖം

തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എൻജിനീയറിംഗ് കോളേജിൽ പ്രവർത്തിക്കുന്ന എ.പി.ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ പരീക്ഷാ മൂല്യനിർണയ ക്യാമ്പിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ക്യാമ്പ് അസിസ്റ്റന്റിനെ നിയമിക്കുന്നു. അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ഡിഗ്രി/ മൂന്ന് വർഷത്തെ ഡിപ്ലോമയും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത.

പ്രായപരിധി 39 വയസ്. താൽപര്യമുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന രേഖകൾ, ഫോൺ നമ്പർ, ഇ-മെയിൽ ഐഡി എന്നിവ സഹിതം മെയ് 5 ന് മുൻപ് സഔ.ര്രമാു@ഴലരയവ.മര.ശി ഇമെയിൽ വിലാസത്തിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് : http://www.gecbh.ac.in, 0471 2300484.

# സ്പായുടെ മറവിൽ അനാശാസ്യം; 11 യുവതികൾ കസ്റ്റഡിയിൽ

കൊച്ചി: വൈറ്റിലയിലെ സ്റ്റാർ ഹോട്ടൽ കേന്ദ്രീകരിച്ച് അനാശാസ്യം നടത്തിയ 11 യുവതികളെ പോലീസ് അറസ്റ്റ് ചെയ്തു. ഹോട്ടലിലെ സ്പായുടെ മറവിലാണ് ഇവർ അനാശാസ്യം നടത്തിയിരുന്നതെന്ന് പോലീസ് പറഞ്ഞു.

വൈറ്റിലയിലെ ആർക്ടിക് ഹോട്ടലിൽ ലഹരിയിടപാട് നടക്കുന്നുണ്ടെന്ന രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിലാണ് പോലീസും ഡാൻസാഫ് സംഘവും പരിശോധന നടത്തിയത്.

തുടർന്ന് ഇവിടെയുണ്ടായിരുന്ന 11 യുവതികളെയും പോലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു. ഇവരെ ചോദ്യംചെയ്തുവരികയാണ്.

കസ്റ്റഡിയിലുള്ള 11 പേരും മലയാളികളാണെന്ന് പോലീസ് പറഞ്ഞു. സൗത്ത് എസിപിയുടെ നേതൃത്വത്തിൽ നടത്തിയ പരിശോധന രണ്ടുമണിക്കൂറിലേറെ നീണ്ടു.കൊച്ചി നഗരത്തിലെ ഹോട്ടലുകൾ കേന്ദ്രീകരിച്ച് ലഹരി വിൽപന സജീവമാണെന്ന വിവരത്തിൻറെ അടിസ്ഥാനത്തിലാണ് പരിശോധന.

എന്നാൽ ആർക്ടിക് ഹോട്ടലിൽ നടത്തിയ പരിശോധനയിൽ ലഹരി വസ്തുക്കൾ കണ്ടെത്താനായില്ലെന്ന് പോലീസ് പറഞ്ഞു.

# പതിമൂന്നുകാരനെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു; അധ്യാപിക അറസ്റ്റിൽ

ഗാന്ധിനഗർ: പതിമൂന്നുകാരനായ വിദ്യാർഥിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച അധ്യാപിക അറസ്റ്റിൽ. ഗുജറാത്തിലെ സൂറത്തിലാണ് സംഭവം.

കുട്ടിയോട് പ്രണയം തോന്നിയ അധ്യാപിക കുട്ടിയെ തട്ടിക്കൊണ്ടുപോയി ആറ് ദിവസത്തോളം പീഡിപ്പിക്കുകയായിരുന്നു. പോക്സോ, പീഡനം, തട്ടിക്കൊണ്ടുപോകൽ അടക്കമുള്ള വകുപ്പുകളാണ് അധ്യാപികയ്ക്കെതിരെ ചുമത്തിയിരിക്കുന്നത്.

ഏപ്രിൽ 25നാണ് ഇരുവരെയും കാണാതായത്.തുടർന്ന് നടത്തിയ അന്വേഷണത്തിൽ ജയ്പുരിൽ നിന്ന് ആഡംബര ബസിൽ ഇവർ ഗുജറാത്തിലേക്ക് മടങ്ങുന്നതായി രഹസ്യ വിവരം ലഭിച്ചിരുന്നു.

തുടർന്ന് സൂറത്ത് പോലീസ് ബസ് തടഞ്ഞ് ഇവരെ പിടികൂടുകയായിരുന്നു.

# സിസ്റ്റൈൻ ചാപ്പലിൽ ചിമ്മിനി സ്ഥാപിച്ചു; പുതിയ ഇടയനെ കണ്ടെത്താനുള്ള കോൺക്ലേവ് ഏഴിന്

വത്തിക്കാൻ സിറ്റി: ആഗോള കത്തോലിക്കാസഭയുടെ 267-ാമത് മാർപാപ്പയെ തെരഞ്ഞെടുക്കുന്നതിനായി ഈമാസം ഏഴിന് ആരംഭിക്കുന്ന കോൺക്ലേവിനു മുന്നോടിയായി സിസ്റ്റൈൻ ചാപ്പലിൻറെ മേൽക്കൂരയിൽ ചിമ്മിനി സ്ഥാപിച്ചു. ബാലറ്റുകൾ കത്തിക്കുന്നതിൻറെ ഫലമായി ഈ ചിമ്മിനിയിലൂടെ പുറത്ത് വിടുന്ന പുകയുടെ നിറം അടിസ്ഥാനമാക്കിയാണ് പുതിയ മാർപാപ്പയെ തെരഞ്ഞെടുത്ത വിവരം അറിയുന്നത്.

15-ാം നൂറ്റാണ്ടിൽ നിർമിതമായ സിസ്റ്റൈൻ ചാപ്പലിൽ, സെൻറ് പീറ്റേഴ്സ് ചത്വരത്തിൽ എവിടെ നിന്നും ദൃശ്യമാകുന്ന രീതിയിലാണ് ചിമ്മിനി സ്ഥാപിച്ചിട്ടുള്ളത്. സിക്സ്റ്റസ് നാലാമൻ മാർപാപ്പയാണ് ഈ ചാപ്പൽ നിർമിച്ചത്(1473 1481). അദ്ദേഹം പണിയിച്ചതുകൊണ്ടാണ് സിസ്റ്റൈൻ എന്ന പേരുണ്ടായത്. വിശ്രുത കലാകാരൻ മൈക്കലാഞ്ചലോ ഈ ചാപ്പലിൻറെ മദ്ബഹാഭിത്തിയിൽ അന്ത്യവിധിയുടെ ചിത്രം രചിക്കുന്നത് 1535-41 വർഷങ്ങളിലാണ്. കോൺക്ലേവിൻറെ തീയതി പ്രഖ്യാപിച്ചതോടെ സിസ്റ്റൈൻ ചാപ്പൽ അടച്ചിരുന്നു. 250 ലധികം അംഗങ്ങളുള്ള കർദിനാൾ സംഘത്തിലെ 80 വയസിൽ താഴെ പ്രായമുള്ള 135 കർദിനാൾമാർക്കാണ് വോട്ടവകാശമുള്ളത്. 72 രാജ്യങ്ങളിൽനിന്നുള്ള കർദിനാൾ ഇലക്ടേഴ്സിൻറെ വോട്ടെടുപ്പിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം കിട്ടുന്നയാൾ തൻറെ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയും ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയാറാകുകയും ചെയ്യുന്നതോടെയാണു മാർപാപ്പയെ ഔദ്യോഗികമായി തെരഞ്ഞെടുക്കുന്നത്. മാർപാപ്പയെ തെരഞ്ഞെടുത്ത സന്തോഷവാർത്ത ലോകത്തോടു വിളംബരം ചെയ്ത് സിസ്റ്റൈൻ ചാപ്പലിലെ പുകക്കുഴലിൽനിന്നു വെള്ള പുക ഉയരുകയും സെൻറ് പീറ്റേഴ്സ് ബസിലിക്കയുടെ മണികൾ മുഴങ്ങുകയും സ്വിസ് ഗാർഡുകൾ വത്തിക്കാൻ ചത്വരത്തിൽ ബാൻഡ് വാദ്യവുമായി വലംവയ്ക്കുകയും ചെയ്യും. തുടർന്ന് കർദിനാൾ സംഘത്തിലെ മുതിർന്നയാൾ സെൻറ് പീറ്റേഴ്സ് ബസിലിക്കയുടെ മട്ടുപ്പാവിലെത്തി 'ഹാബേമുസ് പാപ്പാം' (നമുക്കൊരു പാപ്പായെ ലഭിച്ചിരിക്കുന്നു) എന്ന് അറിയിച്ച് പുതിയ മാർപാപ്പയുടെ പേരും സ്വീകരിച്ച നാമവും വെളിപ്പെടുത്തും. പിന്നാലെ പുതിയ മാർപാപ്പ വിശ്വാസികൾക്കുമുന്നിൽ പ്രത്യക്ഷനായി അഭിസംബോധന ചെയ്യും. കോൺക്ലേവ് ദിവസങ്ങളിൽ ആയിരക്കണക്കിന് വിശ്വാസികളാണ് സെൻറ് പീറ്റേഴ്സ് ചത്വരത്തിലേക്ക് എത്തുക.

ഇതിനുമുന്പ് 2005ൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയെ തെരഞ്ഞെടുത്ത കോൺക്ലേവും 2013ൽ ഫ്രാൻസിസ് മാർപാപ്പയെ തെരഞ്ഞെടുത്ത കോൺക്ലേവും കേവലം രണ്ടുദിവസം മാത്രമേ നീണ്ടുനിന്നുള്ളൂ. എന്നാൽ ഇക്കുറി കോൺക്ലേവ് നീണ്ടുപോകാനുള്ള സാധ്യതയേറെയാണ്.

## പഹൽഗാമിൽ ഭീകരരെ നിയന്ത്രിച്ചത് ഐഎസ്ഐ ഉദ്യോഗസ്ഥർ; പാക്കിസ്ഥാനെതിരേ കൂടുതൽ തെളിവുകൾ ശേഖരിച്ച് എൻഐഎ

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിൽ പാക്കിസ്ഥാനെതിരേ കൂടുതൽ തെളിവുകൾ. ഭീകരരെ നിയന്ത്രിച്ചത് ഐഎസ്ഐയുടെ മുതിർന്ന ഉദ്യോഗസ്ഥരാണെന്ന് എൻഐഎ കണ്ടെത്തി. ആക്രമണത്തിൻറെ പ്ലോട്ട് തയാറാക്കിയത് പാക്കിസ്ഥാൻ ചാര സംഘടനയായ ഐഎസ്ഐയും ലഷ്കർ-ഇ തൊയ്ബയും പാക്കിസ്ഥാൻ ഇൻറലിജൻസ് ഏജൻസിയുമാണെന്നാണ് കണ്ടെത്തൽ. ഈ മൂന്ന് സംഘടനകളും സഹകരിച്ചുകൊണ്ടാണ് ഭീകരാക്രമണം നടത്തിയത്.

സംഭവസ്ഥലത്ത് എൻഐഎ നടത്തിയ പരിശോധനയിൽ 40 വെടിയുണ്ടകളാണ് കണ്ടെത്തിയത്. ഈ വെടിയുണ്ടകൾ രാസ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. 2500 പേരിൽനിന്ന് ഇതുവരെ എൻഐഎ വിവരം ശേഖരിച്ചിട്ടുണ്ട്. 150 പേർ എൻഐഎ കസ്റ്റഡിയിലുണ്ടെന്നാണ് വിവരം. ഭീകരർക്ക് പ്രാദേശിക സഹായം നൽകിയ ആളുകളിൽ ചിലരെ തിരിച്ചറിഞ്ഞതായാണ് സൂചന.

## എൽബിഎസിൽ അധ്യാപക ഒഴിവുകൾ

തിരുവനന്തപുരം പൂജപ്പുര എൽ.ബി.എസ് വനിതാ എൻജിനീയറിങ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്, സിവിൽ എൻജിനീയറിങ് എന്നീ വകുപ്പുകളിലെ അദ്ധ്യാപക ഒഴിവുകളിലേക്ക് കരാർ നിയമനത്തിന് മെയ് 13 ന് എഴുത്തുപരീക്ഷയും അഭിമുഖവും നടക്കും. എ.ഐ.സി.റ്റി.ഇ അനുശാസിക്കുന്ന യോഗ്യതയുള്ളവർക്ക് അദ്ധ്യാപകർക്കുള്ള എഴുത്തുപരീക്ഷയിലും അഭിമുഖത്തിലും പങ്കെടുക്കാം. മെയ് 12 ന് വൈകിട്ട് നാലുമണിക്ക് മുൻപായി ***.ഹയമേ.മര.ശി വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. യോഗ്യതയുള്ള അപേക്ഷകർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം മെയ് 13 രാവിലെ 9.30 ന് കോളേജിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കും.

## പാക് പൗരന്മാർ ഇന്ത്യവിടണം; കേന്ദ്ര സർക്കാർ നിർദേശത്തിനെതിരേ ആറംഗ കുടുംബം സുപ്രീംകോടതിയിൽ

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിന് പിന്നാലെ ഇന്ത്യയിലെ പാക്കിസ്ഥാൻ പൗരന്മാർ രാജ്യം വിടണമെന്ന കേന്ദ്ര സർക്കാർ നിർദേശത്തിനെതിരേ ആറംഗ കുടുംബം സുപ്രീം കോടതിയിൽ. തങ്ങളുടെ കൈവശം ഇന്ത്യൻ പൗരന്മാരാണെന്ന് തെളിയിക്കുന്ന രേഖകളടക്കം ഉണ്ടെന്നാണ് ഹർജിക്കാരുടെ വാദം. കേന്ദ്ര സർക്കാർ തീരുമാനത്തിൽ വിയോജിപ്പുണ്ടെങ്കിൽ ജമ്മു കാഷ്മീർ ഹൈക്കോടതിയെ സമീപിക്കാമെന്ന് സുപ്രീംകോടതി അറിയിച്ചു. ഹർജിക്കാരുടെ രേഖകൾ പരിശോധിച്ച് കേന്ദ്ര സർക്കാർ തീരുമാനമെടുക്കണമെന്ന് സുപ്രീംകോടതി നിർദേശിച്ചു.

അതുവരെ കുടുംബത്തിനെതിരെ കടുത്ത നടപടികൾ പാടില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിലാണ് ഇന്ത്യയിലുള്ള പാക് പൗരന്മാർ തിരികെ മടങ്ങണമെന്ന് കേന്ദ്രം അറിയിച്ചത്. സിന്ധൂ നദീജല കരാർ മരവിപ്പിക്കുന്നതടക്കം കടുത്ത നടപടികളാണ് കേന്ദ്രത്തിൻറെ ഭാഗത്തുനിന്നുണ്ടായത്.

## യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് സ്ഥാനത്തുനിന്ന് മൈക്ക് വാൾട്സിനെ നീക്കി; യുഎൻ അംബാസഡറുടെ ചുമതല നൽകി

വാഷിംഗ്ടൺ: അമേരിക്കയിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൾട്സിനെ തൽസ്ഥാനത്ത് നിന്ന് നീക്കി. വാൾട്സിന് പകരം മാർക്കോ റുബിയോ താൽകാലികമായി ദേശീയ സുരക്ഷാ ഉപദേഷ്ടാവിൻറെ ചുമതല വഹിക്കും.അമേരിക്കയുടെ യുഎൻ അംബാസഡറായി വാൾട്സിന് പകരം ചുമതല നൽകിയിട്ടുണ്ട്. അമേരിക്കയുടെ പുതിയ യുഎൻ അംബാസഡർ ആയി തെരഞ്ഞെടുത്തതോടെ ന്യൂയോർക്കിൽ അമേരിക്കയുടെ യുഎൻ മിഷന് മൈക്ക് വാൾട്സ് നേതൃത്വം നൽകും.ദേശീയ സുരക്ഷാ ഉപദേഷ്ടാവിൻറെ പദവിയിൽനിന്ന് മൈക്ക് വാൾട്സിനെ നീക്കിയേക്കുമെന്ന് നേരത്തെ സൂചനയുണ്ടായിരുന്നു. ഡെപ്യൂട്ടി സുരക്ഷാ ഉപദേഷ്ടാവ് അലക്സ് വോംഗിനെയും പുറത്താക്കുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു.

## പഹൽഗാം ആക്രമണം; പാക്കിസ്ഥാനിൽനിന്ന് എത്തിയത് ആയിരത്തിലേറെ ഇന്ത്യക്കാർ

ലാഹോർ: പഹൽഗാം തീവ്രവാദ ആക്രമണത്തിൻറെ പശ്ചാത്തലത്തിൽ പൗരന്മാരെ പുറത്താക്കുന്ന നടപടി ഇരു രാജ്യങ്ങളും തുടരുന്നു. ഇരുരാജ്യങ്ങൾക്കുമിടയിലെ വാഗാ അതിർത്തി അടച്ചു. അതേസമയം, ആറു ദിവസത്തിനിടെ പാക്കിസ്ഥാനിൽനിന്ന് വാഗാ അതിർത്തി വഴി ഇന്ത്യയിൽ തിരിച്ചെത്തിയവർ ആയിരം കടന്നുവെന്നും ഇന്ത്യയിൽനിന്ന് എണ്ണൂറോളം പൗരന്മാർ പാക്കിസ്ഥാനിൽ തിരിച്ചെത്തിയെന്നും പാക് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

വാഗാ അതിർത്തിവഴി ഞായറാഴ്ച മാത്രം 236 പാക് പൗരന്മാർ തിരിച്ചെത്തി. 115 ഇന്ത്യക്കാർ നാട്ടിലും എത്തി. വാഗാ അതിർത്തിയിൽ പാക്കിസ്ഥാൻ റേഞ്ചേഴ്സും ബിഎസ്എഫുമാണ് രേഖകൾ പരിശോധിക്കുന്നത്. സാർക്ക് വീസ ഇളവിൽ രാജ്യത്തു തങ്ങുന്ന പാക് പൗരന്മാർ രാജ്യം വിട്ടുപോകണമെന്നും വിദേശകാര്യമന്ത്രാലയം അറിയിച്ചു.

## 'പഹൽഗാം ആവർത്തിക്കാതിരിക്കാൻ ഹിന്ദുക്കൾ കൈയിൽ കത്തി കരുതണം";വിവാദപ്രസംഗവുമായി കല്ലടുക്ക പ്രഭാകർ ഭട്ട്

കാസർഗോഡ്: പഹൽഗാമിലേത് പോലുള്ള തീവ്രവാദ ആക്രമണങ്ങൾ ആവർത്തിക്കാതിരിക്കാൻ ഹിന്ദുക്കൾ വീടുകളിൽ വാളും പുറത്തിറങ്ങുമ്പോൾ കത്തിയും കൈവശം വയ്ക്കണമെന്ന് കർണാടകയിലെ മുതിർന്ന ആർഎസ്എസ് നേതാവ് കല്ലടുക്ക പ്രഭാകർ ഭട്ട്. മഞ്ചേശ്വരം വോർക്കാടി ശ്രീമാതാ സേവാശ്രമത്തിൽ നടന്ന പരിപാടിയിലാണ് അദ്ദേഹം പ്രകോപനപരമായ പ്രസംഗം നടത്തിയത്.

'എല്ലാ ഹിന്ദു വീട്ടിലും ഒരു വാൾ സൂക്ഷിക്കണം. പഹൽഗാം ആക്രമണസമയത്ത് ഹിന്ദുക്കൾ വാളെടുത്തിരുന്നെങ്കിൽ കഥ മറ്റൊന്നാകുമായിരുന്നു. നമ്മുടെ പെൺമക്കൾ പുറത്തിറങ്ങുമ്പോൾ വാനിറ്റി ബാഗുകളിൽ കത്തി കരുതണം. ആറ് ഇഞ്ച് നീളമുള്ള കത്തി കൊണ്ടുപോകാൻ നിങ്ങൾക്ക് ലൈസൻസ് ആവശ്യമില്ല. സന്ധ്യക്കുശേഷം നിങ്ങൾ പുറത്താണെങ്കിൽ, ആക്രമണത്തിനുള്ള എല്ലാ സാധ്യതയുമുണ്ട്, അക്രമികളോട് യാചിക്കരുത്.

കത്തി കാണിച്ചാൽ അവർ ഓടിപ്പോകും. മുമ്പ് മുസ്ലിംകൾ ആക്രമിക്കുമ്പോൾ ഹിന്ദുക്കൾ ഓടിയൊളിക്കുമായിരുന്നു. എന്നാൽ ഇന്ന് അതിനു മാറ്റം വന്നിരിക്കുന്നു. നാം ഉയർത്തെഴുന്നേൽക്കണം"അദ്ദേഹം പറഞ്ഞു. മതവിദ്വേഷം വളർത്തുന്ന പ്രസംഗങ്ങളുടെ പേരിൽ കർണാടകയിൽ നിരവധി കേസുകളിൽ പ്രതിയാണ് പ്രഭാകർ ഭട്ട്.

## പുലിപ്പല്ല് കേസ്: റാപ്പർ വേടനെ തൃശൂരിലെ ജ്വല്ലറിയിൽ എത്തിച്ച് തെളിവെടുത്തു

വിയ്യൂർ: പുലിപ്പല്ല് കൈവശംവച്ചതിനു വനംവകുപ്പ് കസ്റ്റഡിയിലെടുത്ത റാപ്പർ വേടനെ ഇന്നലെ രാവിലെ തൃശൂരിലെ ജ്വല്ലറിയിൽ എത്തിച്ച് തെളിവെടുത്തു.

തൃശൂർ തിരൂരിലുള്ള സരസ ജ്വല്ലറിയിലായിരുന്നു തെളിവെടുപ്പ്. ഉടമയുടെ വീടുംകൂടിയാണിത്. രാവിലെ 7.50നു കൊണ്ടുവന്ന വേടനെ തെളിവെടുപ്പ് പൂർത്തിയാക്കി പതിനഞ്ചുമിനിറ്റിനു ശേഷം തിരികെ കൊണ്ടുപോയി. തിരൂരിലെ വേടൻറെ വീട്ടിലും പരിശോധന നടത്തി.

വേടൻറെ കൈവശമുണ്ടായിരുന്ന പുലിപ്പല്ലിൻറെ ലോക്കറ്റ് തയാറാക്കിയത് ഈ ജ്വല്ലറിയിലാണെന്നു വേടൻ മൊഴിനൽകിയിരുന്നു. തുടർന്നാണ് ഇവിടെ തെളിവെടുപ്പ് നടത്തിയത്. ശ്രീലങ്കൻ വംശജനായ വിദേശപൗരനിൽനിന്നാണു തനിക്കു പുലിപ്പല്ല് കിട്ടിയതെന്നാണു വേടൻറെ മൊഴി.

തൃശൂരിലെ ജ്വല്ലറിയിൽ വച്ചാണ് ഇതു രൂപമാറ്റം വരുത്തി മാലയ്ക്കൊപ്പം ചേർത്തതെന്നും വേടൻ പറഞ്ഞിരുന്നു. പുലിപ്പല്ല് സമ്മാനിച്ച രഞ്ജിത് കുന്പിടിയുമായി ബന്ധപ്പെടാൻ വനംവകുപ്പ് ശ്രമം തുടരുകയാണ്.

വേടനും സംഘത്തിനും കഞ്ചാവ് നൽകിയ ചാലക്കുടി സ്വദേശി ആഷിക്കിനെ കണ്ടെത്താൻ പോലീസ് അന്വേഷണം തുടങ്ങി. ജ്വല്ലറിയിലെ തെളിവെടുപ്പിനുശേഷം പെരുന്പാവൂർ കോടതിയിൽ ഹാജരാക്കാൻ വേടനെ കൊണ്ടുപോയി.

## ദ്രോണാചാര്യ പ്രഫ. സണ്ണി തോമസ് അന്തരിച്ചു

ഉഴവൂർ: ലോക കായിക ഭൂപടത്തിൽ ശ്രദ്ധേയനായ ദ്രോണാചാര്യ പ്രഫ. സണ്ണി തോമസ് (84) അന്തരിച്ചു. ഇന്നലെ രാവിലെ സ്വവസതിയിലായിരുന്നു അന്ത്യം. സംസ്കാരം ഇന്ന് 12.45ന് എറണാകുളം തേവക്കലിലെ വസതിയിലുള്ള ശുശ്രൂഷകൾക്കുശേഷം സെൻറ് മാർട്ടിൻ ഡി പോറസ് പള്ളിയിൽ.

ഇന്നു രാവിലെ 10ന് ഉഴവൂരിലെ വസതിയിൽ പ്രാർഥനാശുശ്രൂഷകൾക്കുശേഷം മൃതദേഹം എറണാകുളത്തെ വസതിയിലേക്ക് കൊണ്ടുപോകും. ഉച്ചയ്ക്ക് 12 മുതൽ പൊതുദർശനത്തിന് വെയ്ക്കും. സംസ്ഥാന സർക്കാരിൻറെ ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം.

1941 സെപ്റ്റംബർ 26ന് കാഞ്ഞിരപ്പള്ളി കാളകെട്ടി അച്ചാമ്മ മെമ്മോറിയൽ സ്കൂൾ പ്രഥമ ഹെഡ്മാസ്റ്റർ മേക്കാട്ട് കെ.കെ തോമസിൻറെയും മറിയക്കുട്ടി തോമസിൻറെയും മകനായാണ് ജനനം.

കോട്ടയം സിഎംഎസ് കോളജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടി തേവര സേക്രഡ് ഹാർട്ട് കോളജിൽ അധ്യാപകനായി ഔദ്യോഗിക സേവനം ആരംഭിച്ചു.

1964ൽ ഉഴവൂർ സെൻറ് സ്റ്റീഫൻസ് കോളജിൽ ഇംഗ്ലീഷ് വിഭാഗം മേധാവിയായി ചുമതലയേറ്റ പ്രഫ. സണ്ണി തോമസ്, 1997ൽ വൈസ് പ്രിൻസിപ്പലായി വിരമിച്ചു. സംസ്ഥാനതല മത്സരങ്ങളിൽ സ്വർണമെഡലുകളടക്കം നേടിയിട്ടുണ്ട്. അഞ്ച് തവണ സംസ്ഥാന ഷൂട്ടിംഗ് ചാമ്പ്യനായിരുന്നു. 1976ൽ ദേശീയ ചാന്പ്യ നായി.

1993ൽ ഷൂട്ടിംഗിൽ ആദ്യ ദേശീയ പരിശീലകനായ പ്രഫ. സണ്ണി തോമസ്, 2012 വരെ ചുമതലയിൽ തുടർന്നു. 2002ൽ രാഷ്ട്രപതിയിൽ നിന്ന് ദ്രോണാചാര്യ പുരസ്കാരം ഏറ്റുവാങ്ങി. അഭിനവ് ബിന്ദ്രയടക്കമുള്ള ലോകതാരങ്ങളെ വാർത്തെടുത്ത പരിശീലകനായി ശ്രദ്ധനേടി.

സെൻറ് സ്റ്റീഫൻസ് കോളജ് ബോട്ടണി വിഭാഗം മേധാവിയായി വിരമിച്ച പ്രഫ. ജോസമ്മ സണ്ണിയാണ് ഭാര്യ. മക്കളായ മനോജ് സണ്ണിയും സനിൽ സണ്ണിയും ഷൂട്ടിംഗ് ദേശീയ ചാമ്പ്യന്മാരും ജി.വി. രാജ അവാർഡ് ജേതാക്കളുമാണ്. മകൾ ഡോ. സോണിയ തൃശൂർ പുതുക്കാട് പ്രജ്യോതി നികേതൻ കോളജിൽ വൈസ് പ്രിൻസിപ്പലാണ്.

മരുമക്കൾ: ഡോ. ബീന (സെൻറ് തേരേസാസ് കോളജ് ഇംഗ്ലീഷ് വിഭാഗം മേധാവി), മഞ്ജു (ഇൻഫോപാർക്ക് എറണാകുളം), ദീപക് ജോർജ് (അസി. ജനറൽ മാനേജർ, കാത്തലിക് സിറിയൻ ബാങ്ക്, ചെന്നൈ).

## വന്യജീവി ആക്രമണം; അമിക്കസ് ക്യൂറി റിപ്പോർട്ട് ഞെട്ടിക്കുന്നത്: കെസിബിസി ജാഗ്രതാ കമ്മീഷൻ

കൊച്ചി: കേരളത്തിൽ 202324 കാലത്ത് 2630 വന്യജീവി ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന അമിക്കസ് ക്യൂറി റിപ്പോർട്ട് നടുക്കമുളവാക്കുന്നതാണെന്ന് കെസിബിസി ജാഗ്രതാ കമ്മീഷൻ. അഞ്ചു വർഷത്തിനിടെ 103 പേർ കാട്ടാനകളുടെയും 341 പേർ മറ്റു വന്യജീവികളുടെയും ആക്രമണങ്ങളാൽ കൊല്ലപ്പെട്ടു.

വന്യജീവികളാൽ സംഭവിച്ച കൃഷി, സ്വത്ത് നഷ്ടങ്ങൾ കണക്കുകൂട്ടലുകൾക്കും അതീതമാണ്. ഈ സാഹചര്യത്തിൽ വർധിച്ചുകൊണ്ടിരിക്കുന്ന വന്യജീവി ആക്രമണങ്ങളെയും അതിലേക്കു നയിക്കുന്ന സാഹചര്യങ്ങളെയും നിയന്ത്രിക്കാൻ കേന്ദ്രസംസ്ഥാന സർക്കാരുകൾ ഉണർന്നുപ്രവർത്തിക്കണമെന്നും ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു.

വന്യജീവി ആക്രമണത്തെത്തുടർന്നുള്ള മരണങ്ങളിൽ 24 ലക്ഷം രൂപയെങ്കിലും നഷ്ടപരിഹാരം നൽകണമെന്ന അമിക്കസ് ക്യൂറിയുടെ വിലയിരുത്തൽ സ്വാഗതാർഹമാണ്. മാത്രമല്ല, പരിക്കേറ്റവർക്കും സ്വത്ത് നഷ്ടപ്പെട്ടവർക്കും അർഹമായ നഷ്ടപരിഹാരം ലഭിക്കാൻ നടപടി ഉണ്ടാകണം. ജനദ്രോഹപരമായ നിലപാടുകൾ നിരന്തരം സ്വീകരിക്കുന്ന വനംവകുപ്പിൻറെ നീക്കങ്ങളെ നിയന്ത്രിക്കാൻ മുഖ്യമന്ത്രി നേരിട്ട് ഇടപെടണം.

ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലും മറ്റു മലയോര വന പരിസരമേഖലകളിലും പതിറ്റാണ്ടുകളായി നിയമാനുസൃതമായി ജനങ്ങൾ കൈവശം വച്ചിട്ടുള്ള കൃഷി ജനവാസഭൂമിയിൽ അതിക്രമിച്ചു കയറി അധികാരം സ്ഥാപിക്കാൻ ശ്രമിക്കുകയും ജനങ്ങളുടെ അവകാശങ്ങളെ ചോദ്യം ചെയ്യുകയും ചെയ്യുന്ന വനംവകുപ്പിൻറെ നീക്കങ്ങൾ നിയന്ത്രിക്കപ്പെടേണ്ടതാണ്.

ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങൾക്കുപോലും വിലകല്പിക്കാതെയുള്ള ചില ഉദ്യോഗസ്ഥരുടെ അധികാര ദുർവിനിയോഗം അവസാനിപ്പിക്കാൻ സർക്കാർ കർശന നടപടികൾ സ്വീകരിക്കണമെന്നും കെസിബിസി ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു.

## അധികാരത്തിൽ 100 ദിവസം; നേട്ടങ്ങൾ എണ്ണിപ്പറഞ്ഞ് ട്രംപ്

ഡിട്രോയിറ്റ്: അധികാരത്തിലേറിയതിൻറെ നൂറാം നാൾ റാലി നടത്തി ഭരണനേട്ടങ്ങൾ എണ്ണിപ്പറഞ്ഞും പ്രതിപക്ഷത്തെ വിമർശിച്ചും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. മിഷിഗൺ സംസ്ഥാനത്തെ വാറനിൽ നടത്തിയ റാലിയിൽ 'നമ്മൾ തുടങ്ങിയിട്ടേയുള്ളൂ, നിങ്ങൾ ഇനിയും കാണാനിരിക്കുന്നു' എന്നാണു ട്രംപ് പ്രഖ്യാപിച്ചത്.

അമേരിക്കയുടെ വാണിജ്യപങ്കാളികൾക്ക് ഇറക്കുമതിച്ചുങ്കം ഏർപ്പെടുത്തിയത് അഭ്യന്തര ഉത്പാദനം വർധിക്കാനിടയാക്കും. അമേരിക്കൻ വാഹനവ്യവസായത്തിൻറെ ഹൃദയമായ ഡിട്രോയിറ്റിൽ പുതിയ ഉത്പാദന പ്ലാൻറുകൾ തുടങ്ങാനായി കാർ കന്പനികൾ വരിനിൽക്കുകയാണ്.

അനധികൃത കുടിയേറ്റം തടയുന്നതിൽ വൻ നേട്ടമാണു കൈവരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം മാർച്ചിൽ തെക്കൻ അതിർത്തിയിലൂടെ 1.4 ലക്ഷം പേരാണ് അമേരിക്കയിൽ കടന്നത്. ഈ വർഷം അത് ഏഴായിരത്തിൽ താഴെയായി. അനധികൃത കുടിയേറ്റക്കാരെ അമേരിക്കയിൽനിന്ന് എൽ സാൽവദോറിലെ തടവറയിലേക്കു നാടുകടത്തുന്നതിൻറെ വീഡിയോയും ട്രംപ് പ്രസംഗത്തിനിടെ പ്രദർശിപ്പിച്ചു.

തൻറെ ജനപ്രീതി ഇടിഞ്ഞുവെന്ന അഭിപ്രായസർവേ ഫലങ്ങൾ വ്യാജമാണെന്ന് ട്രംപ് അവകാശപ്പെട്ടു. മുൻ പ്രസിഡൻറ് ജോ ബൈഡനെയും അദ്ദേഹത്തിൻറെ ഡെമോക്രാറ്റിക് പാർട്ടിയെയും ട്രംപ് കളിയാക്കി. വരുന്നയാഴ്ചകളിൽ വൻതോതിൽ നികുതി വെട്ടിക്കുറയ്ക്കുമെന്നും ട്രംപ് പ്രഖ്യാപിച്ചു.

## മണിപ്പുരിൽ ജനകീയ സർക്കാർ വേണമെന്ന് എംഎൽഎമാർ അമിത് ഷായ്ക്ക് കത്തെഴുതി

ഇംഫാൽ: രാഷ്ട്രപതിഭരണമേർപ്പെടുത്തിയ മണിപ്പുരിൽ ജനകീയ സർക്കാർ വേണമെന്ന് ആവശ്യപ്പെട്ട് 21 എംഎൽഎമാർ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്ക് കത്തെഴുതി. ബിജെപി(13), 3 എൻപിപി(3), നാഗാ പീപ്പിൾ ഫ്രണ്ട്(3) രണ്ട് സ്വതന്ത്രർ എന്നിവരാണു കത്തിൽ ഒപ്പുവച്ചിരിക്കുന്നത്.

വളരെ പ്രതീക്ഷയോടെയാണ് മണിപ്പുരിലെ ജനങ്ങൾ രാഷ്ട്രപതി ഭരണത്തെ വരവേറ്റത്. മൂന്നു മാസം കഴിഞ്ഞിട്ടും സമാധാനവും ശാന്തിയും തിരികെയെത്തിക്കാനുള്ള നടപടികളൊന്നും കാണാനാകുന്നില്ലെന്നും കത്തിൽ പറയുന്നു.

പ്രസിഡൻറ് ഭരണത്തിനെതിരേ സംസ്ഥാനത്ത് രംഗത്തുവന്നിരിക്കുന്ന നിരവധി സംഘടനകൾ റാലികളും യോഗങ്ങളും നടത്തുന്നുണ്ട്. ജനപ്രിയ സർക്കാർ രൂപവത്കരിക്കപ്പെടാത്തതിൽ എംഎൽഎമാരായ തങ്ങളെ അവർ കുറ്റപ്പെടുത്തുകയും ജനങ്ങളെ ഇളക്കിവിടാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്നും കത്തിൽ പറയുന്നു.

എന്നാൽ, ഗവർണറെ സമീപിക്കാതെ കേന്ദ്രത്തിനു കത്തെഴുതിയ എംഎൽഎമാരെ മണിപ്പൂർ പ്രദേശ് കോൺഗ്രസ് കമ്മിറ്റി പ്രസിഡൻറ് കെയ്ഷം മേഘചന്ദ്ര സിംഗ് വിമർശിച്ചു. മുഖ്യമന്ത്രി ബിരേൻ സിംഗ് രാജിവച്ചതോടെയാണു സംസ്ഥാനത്ത് രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയത്.

## വിയറ്റ്നാം യുദ്ധം അവസാനിച്ചിട്ട് 50 വർഷം; ആഘോഷമാക്കി ജനവും സർക്കാരും

ഹോചിമിൻ സിറ്റി: വിയറ്റ്നാം യുദ്ധം അവസാനിച്ചതിൻറെ 50ാം വാർഷികം വിയറ്റ്നാം ജനത ആഘോഷപൂർവം കൊണ്ടാടി. ഹോചിമിൻ നഗരത്തിൽ ഇന്നലെ വന്പൻ സൈനിക പരേഡോടെയാണ് ആഘോഷങ്ങൾ പൂർത്തിയായത്.

ആയിരക്കണക്കിനു പട്ടാളക്കാർ മാർച്ച് ചെയ്ത പരേഡിൽ റഷ്യൻ നിർമിത യുദ്ധവിമാനങ്ങളും ഹെലികോപ്റ്ററുകളും പ്രദർശിപ്പിച്ചു. സമാധാനം, ഐക്യം, വികസനം എന്നീ സങ്കൽപ്പങ്ങളിലൂന്നിയ രാജ്യമായി തുടരുമെന്ന് വിയറ്റ്നാം കമ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി തോ ലാം പ്രഖ്യാപിച്ചു.

കമ്യൂണിസ്റ്റുകളുടെ നേതൃത്വത്തിലുള്ള വടക്കൻ വിയറ്റ്നാമും അമേരിക്കൻ പിന്തുണയുള്ള തെക്കൻ വിയറ്റ്നാമും തമ്മിൽ രണ്ടു പതിറ്റാണ്ടാണ് !യുദ്ധം ചെയ്തത്. കമ്യൂണിസ്റ്റ് വിയറ്റ്നാം സേന 1975 ഏപ്രിൽ 30ന് തെക്കൻ വിയറ്റ്നാമിൻറെ തലസ്ഥാനമായ സൈഗോൺ (ഇപ്പോഴത്തെ ഹോചിമിൻ സിറ്റി) പിടിച്ചെടുത്തതോടെയാണ് യുദ്ധം അവസാനിച്ചത്. രണ്ടു വർഷത്തിനകം രാജ്യത്തിൻറെ ഏകീകരണം പൂർത്തിയായി. യുദ്ധത്തിൽ 60,000 അമേരിക്കക്കാർ അടക്കം 30 ലക്ഷം പേർ കൊല്ലപ്പെട്ടു. വിയറ്റ്നാം ഇപ്പോൾ അമേരിക്കയുടെ പ്രധാന വാണിജ്യ പങ്കാളികളിലൊന്നാണ്. 1995ലാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധം സാധാരണ നിലയിലായത്. മുൻ യുഎസ് പ്രസിഡൻറ് ജോ ബൈഡൻ 2023ൽ വിയറ്റ്നാം സന്ദർശിച്ചതോടെ ബന്ധം സുദൃഢമായി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.**

# അങ്ങനെ നമ്മൾ ഇതും നേടി : മുഖ്യമന്ത്രി പിണറായി വിജയൻ

'അങ്ങനെ നമ്മൾ ഇതും നേടി'... വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിനു സമർപ്പിക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷ പ്രസംഗം തുടങ്ങിയത് ഇങ്ങനെയായിരുന്നു.

വിഴിഞ്ഞം പദ്ധതിയെ വിവിധ ഘട്ടങ്ങളിൽ തടസ്സപ്പെടുത്തുന്നതിന് സ്ഥാപിത താൽപര്യക്കാർ പടർത്താൻ ശ്രമിച്ച തെറ്റിദ്ധാരണകളെ ജനങ്ങളെ വിശ്വാസത്തിലെടുത്ത് അതിജീവിച്ചു. നിയമക്കുരുക്കുകളടക്കം നീക്കി. തീരദേശ പുനരധിവാസ – ജീവനോപാധി പ്രശ്നങ്ങൾ 120 കോടി ചെലവാക്കി പരിഹരിച്ചു. അവിടുത്തെ പെൺകുട്ടികളെ ക്രെയിൻ പ്രവർത്തിപ്പിക്കുന്ന ജോലിയടക്കം ഏൽപ്പിച്ചു. തദ്ദേശീയ സ്ത്രീകൾക്കായി നൈപുണ്യ കേന്ദ്രങ്ങൾ തുറന്നു.

ഇങ്ങനെ പ്രശ്നങ്ങൾ പരിഹരിച്ച് സങ്കടങ്ങൾക്ക് അറുതിയുണ്ടാക്കിയാണു സംസ്ഥാന സർക്കാർ വിഴിഞ്ഞം പദ്ധതിയുമായി മുന്നോട്ടുപോയത്. അയ്യായിരത്തിലധികം തൊഴിലവസരങ്ങളാണ് വിഴിഞ്ഞം തുറമുഖത്തിന്റെ ഭാഗമായി നേരിട്ടു ലഭ്യമാകുന്നത്. കേരളത്തിന്റെ അതിനപ്പുറം ഇന്ത്യയുടെയാകെ വികസനത്തെ വിഴിഞ്ഞം തുറമുഖം വലിയ തോതിൽ ഭദ്രമാക്കുമെന്ന കാര്യത്തിൽ സംശയമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ സ്വപ്നസാഫല്യവും അഭിമാന മുഹൂർത്തവുമായ വിഴിഞ്ഞം തുറമുഖം നാടിന് സമർപ്പിക്കുന്നത് മൂന്നാം മിലീനിയത്തിലെ വികസന സാധ്യതകളിലേക്കുള്ള രാജ്യത്തിന്റെ മഹാകവാടം തുറക്കലാണ്. ഇന്ത്യയെ സാർവദേശീയ മാരിടൈം വ്യാപാര ലോജിസ്റ്റിക്സ് ഭൂപട ശൃംഖലയിൽ കണ്ണിചേർക്കുന്ന മഹാസംരംഭമാണിത്.

രാജ്യചരിത്രത്തിന്റെ വിസ്മൃതിയിൽ നിന്ന് വിഴിഞ്ഞത്തെ വീണ്ടെടുത്ത് നവീകരിച്ചു വികസിപ്പിച്ചു സാർവദേശീയ തുറമുഖമാക്കി മാറ്റിയത് കേരളത്തിലെ സർക്കാരിന്റെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവുമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.ആദ്യമായാണ് ഇന്ത്യയിൽ ഒരു സംസ്ഥാനത്തിന്റെ മുൻകൈയിൽ ഒരു ബൃഹത് തുറമുഖ നിർമ്മാണം നടക്കുന്നത്. ചെലവിന്റെ ഏറിയ ഭാഗവും കേരളമാണു വഹിക്കുന്നത്. 8,686 കോടിയിൽ 5,370.86 കോടി. ബാക്കി 2,497 കോടി അദാനി വിഴിഞ്ഞംപോർട്ട് പ്രൈവറ്റ് ലിമിറ്റഡാണു മുടക്കുന്നത്. തിരിച്ചടയ്ക്കേണ്ട 818 കോടി രൂപയുടെ വയബിലിറ്റി ഗ്യാപ് ഫണ്ടാണു കേന്ദ്രം നൽകുന്നത്. ഈ തുറമുഖത്തോടെ 220 ദശലക്ഷം ഡോളറിന്റെ പ്രതിവർഷ രാഷ്ട്ര നഷ്ടം നികന്നു തുടങ്ങുകയാണ്. 75 ശതമാനം കണ്ടയിനർ ട്രാൻസ്ഷിപ്പ്മെന്റ് കാർഗോ വിദേശ തുറമുഖങ്ങളിലേക്കു തിരിച്ചുവിടുകയായിരുന്നു ഇക്കാലമത്രയും. അത് അവസാനിക്കുകയാണ്.

രാഷ്ട്ര നഷ്ടം വലിയൊരളവിൽ പരിഹരിക്കാൻ കേരളത്തിനു കഴിയുന്നു എന്നതു കേരളീയർക്കാകെ അഭിമാനകരമാണ്. കരാർ പ്രകാരം 2045 ൽ മാത്രമേ ഇതു പൂർത്തിയാവേണ്ടതുള്ളു. നമ്മൾ അതിനു കാത്തുനിന്നില്ല. 2024 ൽ തന്നെ കൊമേഴ്സ്യൽ ഓപ്പറേഷനാരംഭിച്ചു. മദർഷിപ്പിനെ സ്വീകരിച്ചു.

തുടർന്നിങ്ങോട്ട് 250 ലേറെ കപ്പലുകൾ വിഴിഞ്ഞത്തു നങ്കൂരമിട്ടു. ഇപ്പോഴിതാ ഒന്നാം ഘട്ടം പതിറ്റാണ്ടു മുമ്പു പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നു. 2028 ൽ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കും.മഹാപ്രളയം, ഇതര പ്രകൃതി ക്ഷോഭങ്ങൾ, കോവിഡ് അടക്കമുള്ള മഹാവ്യാധികൾ എന്നിവയൊക്കെ സമ്പദ്ഘടനയെ ഉലച്ചുവെങ്കിലും കേരളം അവിടെ തളർന്നുനിന്നില്ല. നിർമാണ കമ്പനിയായ അദാനിയും നല്ല രീതിയിൽ സഹകരിച്ചു.

1996 ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ രൂപപ്പെടുത്തിയ പദ്ധതിയാണിവിടെ യാഥാർത്ഥ്യമാവുന്നത്. ഇടക്കാലത്ത് അനിശ്ചിതത്വത്തിലായ പദ്ധതിയുടെ പഠനത്തിനായി 2009 ൽ ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനെ നിയോഗിച്ചു.

2010 ൽ ടെൻഡർ നടപടികളിലേക്കു കടന്നെങ്കിലും കേന്ദ്രം അനുമതി നിഷേധിച്ചു. 2015 ൽ ഒരു കരാറുണ്ടായി. കരാറിൽ പല തലത്തിലുള്ള വിമർശനങ്ങൾ നിലനിൽക്കുമ്പോഴും വിഴിഞ്ഞം പദ്ധതി നടപ്പാവുക തന്നെ വേണം എന്ന നിലപാടാണ് തങ്ങൾ കൈക്കൊണ്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

2016 ൽ അധികാരത്തിൽ വന്നതിനെത്തുടർന്നുള്ള ഘട്ടത്തിൽ ബൃഹദ് തുറമുഖമായി വിഴിഞ്ഞം വളരുന്നതിനുള്ള നിലപാടുകൾ സ്വീകരിച്ചു. അതാണ് വിഴിഞ്ഞത്തെ ഇന്നത്തെ നിലയിൽ യാഥാർത്ഥ്യമാക്കി മാറ്റിയതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.



# കേരളത്തെ ആഗോള മാരിടൈം ശൃംഖലയുടെ പ്രധാന കേന്ദ്രമാക്കും : പ്രധാനമന്ത്രി

സംസ്ഥാന സർക്കാരുമായി സഹകരിച്ചു കേരളത്തെ ഗ്ലോബൽ മാരിടൈം ശൃംഖലയുടെ പ്രധാന കേന്ദ്രമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. പുതുയുഗ വികസന മാതൃകയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കേരളത്തിന് സാമ്പത്തിക സുസ്ഥിരത ഉറപ്പുനൽകും. കേരളത്തിന്റെ സ്വപ്നമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം തുറമുഖത്ത് പ്രത്യേകം സജ്ജീകരിച്ച വേദിയിൽ നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി.

രാജ്യത്തിന്റെ തുറമുഖ അടിസ്ഥാന സൗകര്യങ്ങളിൽ സുപ്രധാന പുരോഗതിയാണ് വിഴിഞ്ഞം പദ്ധതി. ഭാവിയിൽ ട്രാൻസ്ഷിപ്പ്മെന്റ് ഹബിന്റെ ക്ഷമത മൂന്നിരട്ടിയാകും. ഗുജറാത്ത് പോർട്ടിനെക്കാളും വലിയ പോർട്ടാണ് വിഴിഞ്ഞത്ത് അദാനി നിർമ്മിച്ചത്. വിഴിഞ്ഞം തുറമുഖത്തിന്റ നിർമ്മാണം അദാനി അതിവേഗം പൂർത്തിയാക്കി. രാജ്യത്തെ ട്രാൻസ്ഷിപ്പ്മെന്റ് മേഖലയിൽ 75 ശതമാനവും വിദേശരാജ്യങ്ങളിലൂടെയാണ് നടക്കുന്നത്. വിഴിഞ്ഞം തുറമുഖത്തിലൂടെ അതിന് മാറ്റമുണ്ടാകും. ട്രാൻസ്ഷിപ്പ്മെന്റ് മേഖലയിലൂടെ വിഴിഞ്ഞം തുറമുഖം രാജ്യപുരോഗതിക്ക് വലിയ പങ്കുവഹിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

ആഗോള കപ്പൽ നിർമ്മാണ മേഖലയിൽ ആദ്യ 20 രാജ്യങ്ങളിൽ ഇന്ത്യയുണ്ട്. കഴിഞ്ഞ 10 വർഷത്തിൽ ഇന്ത്യയിലെ തുറമുഖങ്ങളുടെ കാര്യക്ഷമത വർധിച്ചു. കാർഗോ ഇറക്കുന്നതിൽ 30 ശതമാനം സമയക്കുറവ് വരുത്താനായി. ഇതിലൂടെ കൂടുതൽ കാർഗോ കൈകാര്യം ചെയ്യാൻ കഴിയും. ഭാരതത്തിന്റെ തീരമേഖലയിലെ തുറമുഖ നഗരങ്ങൾ വികസിത ഭാരതം 2047 ലേക്കുള്ള രാജ്യപുരോഗതിയുടെയും സമൃദ്ധിയുടെയും ചാലകശക്തിയാകും. പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ രാജ്യത്ത് കോടികണക്കിന് രൂപയുടെ നിക്ഷേപപദ്ധതികൾ നടക്കുകയാണ്. തുറമുഖ സമ്പദ്വ്യവസ്ഥയുടെ മുഴുവൻ സാധ്യതകളും രാജ്യം പ്രയോജനപ്പെടുത്തുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

സാഗർമാല പദ്ധതിയിലൂടെയും പി.എം. ഗതിശക്തി പദ്ധതിയിലൂടെയും തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവും റോഡ്, റെയിൽ, എയർപോർട്ട്, തുറമുഖ കണക്റ്റിവിറ്റിയും സാധ്യമാക്കി. പൊന്നാനി, പുതിയപ്പ തുറമുഖങ്ങളുടെ നവീകരണവും ഏറ്റെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം ഈസ് ഓഫ് ഡൂയിങ് ബിസിനസിനും സഹായകമാണ്. കിസാൻ ക്രെഡിറ്റ് കാർഡുകൾ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കി. കൊച്ചിയിൽ കപ്പൽ നിർമ്മാണ ക്ലസ്റ്ററുകൾ സ്ഥാപിച്ചു വികസനവും തൊഴിൽ അവസരവും കൂട്ടും. ഇന്ത്യ യൂറോപ് കോറിഡോറും കേരളത്തിന് ലാഭം ഉണ്ടാക്കുമെന്ന് പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

സംസ്ഥാന തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷത വഹിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ, കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, മന്ത്രിമാരായ ജി.ആർ അനിൽ, സജി ചെറിയാൻ, മുൻ കേന്ദ്ര മന്ത്രി രാജീവ് ചന്ദ്രശേഖർ, എംപിമാരായ ശശി തരൂർ, അടൂർ പ്രകാശ്, ജോൺ ബ്രിട്ടാസ്, എ എ റഹീം, എം വിൻസെന്റ് എം.എൽ.എ, മേയർ ആര്യ രാജേന്ദ്രൻ, അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി, അദാനി പോർട്സ് മാനേജിങ് ഡയറക്ടർ കരൺ അദാനി തുടങ്ങിയവർ പങ്കെടുത്തു.

## വിഴിഞ്ഞം പദ്ധതി ഇന്ത്യാ സഖ്യത്തിലെ പലരുടെയും ഉറക്കം കെടുത്തും: പ്രധാനമന്ത്രി

തിരുവനന്തപുരം: വിഴിഞ്ഞം ഉദ്ഘാടന വേദിയിൽ ഇന്ത്യാ സഖ്യത്തെ വിമർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിഴിഞ്ഞം പദ്ധതിയുടെ ഉദ്ഘാടനം ഇന്ത്യാ സഖ്യത്തിലെ പലരുടെയും ഉറക്കം കെടുത്തുമെന്ന് പ്രധാനമന്ത്രി വിമർശിച്ചു. വിഴിഞ്ഞം തുറമുഖം രാജ്യത്തിനു സമർപ്പിച്ച ശേഷമുള്ള പ്രസംഗത്തിനിടെയായിരുന്നു വിമർശനം. മുഖ്യമന്ത്രിയോടാണ് എനിക്ക് പറയാനുള്ളത്, നിങ്ങൾ ഇന്ത്യ സഖ്യത്തിൻറെ നെടുംതൂണാണ്, ശശി തരൂരും ഇവിടെ ഇരിക്കുന്നുണ്ട്. ഇന്നത്തെ പരിപാടി പലരുടെയും ഉറക്കം കെടുത്താൻ പോകുന്നെന്ന് മോദി പറഞ്ഞു. അതേസമയം വിഴിഞ്ഞം പദ്ധതി രാജ്യത്തിൻറെ അഭിമാനമാണെന്നും പുരോഗതിയിലേക്കുള്ള ചുവടുവെപ്പാണെന്നും മോദി പറഞ്ഞു. 8800 കോടി രൂപ ചെലവിട്ടാണു തുറമുഖം നിർമിക്കുന്നത്. ഇതുവരെ 75 ശതമാനത്തിൽ അധികം ട്രാൻഷിപ്പ്മൻറ് രാജ്യത്തിനു പുറത്തുള്ള തുറമുഖങ്ങളിലാണു നടന്നിരുന്നത്. ഇതിലൂടെ രാജ്യത്തിന് വലിയ സാമ്പത്തിക നഷ്ടമാണ് ഉണ്ടായിരുന്നത്. ഇതിന് മാറ്റം വരികയാണ്. പുറത്തേക്ക് ഒഴുകിയിരുന്ന പണം കേരളത്തിനും രാജ്യത്തിനും ജനങ്ങൾക്കും സാമ്പത്തിക സുസ്ഥിരത കെട്ടിപ്പടുക്കുന്നതിനു സഹായകമാകുമെന്നും മോദി പറഞ്ഞു.

## വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായത് ഉമ്മൻ ചാണ്ടി വിചാരിച്ചതിനാൽ

### ഉമ്മൻ ചാണ്ടിയുടെ കല്ലറ സന്ദർശിച്ച് എം.വിൻസെൻറ്

കോട്ടയം: വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായത് ഉമ്മൻ ചാണ്ടി വിചാരിച്ചതുകൊണ്ടെന്ന് കോവളം എംഎൽഎ എം.വിൻസെൻറ്. വിഴിഞ്ഞം തുറമുഖം കമ്മീഷനിംഗിന് മുൻപ് ഉമ്മൻ ചാണ്ടിയുടെ കല്ലറ സന്ദർശിച്ച ശേഷമായിരുന്നു അദ്ദേഹത്തിൻറെ പ്രതികരണം.

പദ്ധതി ഉമ്മൻ ചാണ്ടിയുടെ കഠിനാധ്വാനത്തിൻറെ ഫലമെന്ന് ജനത്തിന് അറിയാം. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് പദ്ധതിയുടെ ഉദ്ഘാടനമെന്നും വിൻസെൻറ് കുറ്റപ്പെടുത്തി.

റെയിൽ, റോഡ് സൗകര്യങ്ങൾ സംസ്ഥാന സർക്കാർ ഒരുക്കിയില്ലെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് വിഴിഞ്ഞം തുറമുഖം നാടിനു സമർപ്പിക്കുന്നത്.




വിഴിഞ്ഞം തുറമുഖ പദ്ധതി ഏകദേശം 8,900 കോടി രൂപ ചെലവിലാണ് നിർമ്മിച്ചിരിക്കുന്നത്. (ചിത്രം: പി.ടി.ഐ)